മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പുതിയ ടെർമിനൽ നിർമ്മാണത്തിന് ആവശ്യമായ 27 ഏക്കർ ഭൂമി സംസ്ഥാന സർക്കാർ ചിലവിൽ ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചു വരുകയാണ്. ഇതിലേക്കായി നടപ്പു സാമ്പത്തിക വർഷം 10 കോടി രൂപ സംസ്ഥാന സർക്കാർ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 3,56,84 ഹെക്ടർ സ്ഥലം ഇതിനോടകം ജില്ലാ കളക്ടർ ഏറ്റെടുത്തു കഴിഞ്ഞു. ബാക്കി സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ഇപ്പോൾ അന്തിമ ഘട്ടത്തിലാണ്. കേന്ദ്രാനുമതി ലഭിച്ചു കഴിഞ്ഞാൽ ഉദ്ദേശം 24 മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്നതാണ്.

**ഏഴിമല നാവിക അക്കാഡമിയുടെ നിർമ്മാണപ്രവർത്തനങ്ങൾ**

8 (8) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. എളമരം കരീം :
ശ്രീ. ജി. സുധാകരൻ :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏഴിമലയിൽ സ്ഥാപിക്കാനുദ്ദേശിച്ചിട്ടുള്ള നാവിക അക്കാഡമിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് സർക്കാരിന് അറിവുണ്ടോ ;

(ബി) ഏഴിമല നാവിക അക്കാഡമിയുടെ നിർമ്മാണത്തിനായി സംസ്ഥാന സർക്കാർ എന്തെങ്കിലും സഹായം നൽകിവരുന്നുണ്ടോ ; എങ്കിൽ എന്താണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഏഴിമല നാവിക അക്കാഡമിയുടെ നിർമ്മാണത്തിനായി സംസ്ഥാന സർക്കാർ സ്ഥലം വിട്ടുകൊടുത്തിരുന്നുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) നാവിക അക്കാഡമിയുടെ നിർമ്മാണപ്രവർത്തനങ്ങൾ എപ്പോൾ പൂർത്തീകരിക്കാനാണ് കേന്ദ്ര സർക്കാർ ലക്ഷ്യമാക്കിയിട്ടുള്ളതെന്ന് അറിവുണ്ടോ ; എങ്കിൽ എപ്പോഴെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഏഴിമല നാവിക അക്കാഡമിയുടെ നിർമ്മാണം കേന്ദ്ര പ്രതിരോധ മന്ത്രാലയമാണ് നടത്തുന്നത്. പ്രാഥമിക ഘട്ടം പണികളാണ് ഇപ്പോൾ നടന്നു വരുന്നത്. സംസ്ഥാന സർക്കാർ ചെയ്തു കൊടുക്കേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ പണി മിക്കവാറും പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) നേവൽ അക്കാഡമിയുടെ നിർമ്മാണ പ്രവർത്തനത്തിനാവശ്യമായ ഭൂമി, ജലവിതരണം, വൈദ്യുതി വിതരണം, റോഡുകൾ, പാലങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളാണ് സംസ്ഥാന സർക്കാർ ഏറ്റെടുത്തു ചെയ്തു കൊടുക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏഴിമല നാവിക അക്കാഡമിയുടെ നിർമ്മാണത്തിനായി സംസ്ഥാന സർക്കാർ 955.1397 ഹെക്ടർ ഭൂമി ഏറ്റെടുത്ത് നൽകിയിട്ടുണ്ട്.

(ഡി) നാവിക അക്കാഡമിയുടെ നിർമ്മാണപ്രവർത്തനങ്ങൾ 2004 മാർച്ച് മാസത്തോടുകൂടി പൂർത്തിയാകുമെന്നാണ് പ്രതിരോധ വകുപ്പു അറിയിച്ചിട്ടുള്ളത്.

## പെരിയാർ പാട്ടക്കരാർ

9 (9) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1886-ൽ തിരുവിതാംകൂർ സർക്കാരും ബ്രിട്ടീഷ് സർക്കാരും തമ്മിലുണ്ടാക്കിയ പെരിയാർ പാട്ടക്കരാർ മധുര ജില്ലയിലെ ജലസേചനത്തിന് മാത്രമായുള്ളതുകൊണ്ട് തമിഴ്നാട് സർക്കാർ ഇപ്പോൾ മുല്ലപ്പെരിയാർ ജലം വാണിജ്യവ്യവസായിക, ഗാർഹികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് തടയുവാൻ ഈ ഗവൺമെന്റ് എന്തൊക്കെ നടപടികളെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇല്ലെങ്കിൽ നടപടികളെടുക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) കരാർ വ്യവസ്ഥയനുസരിച്ച് 155 അടി കോണ്ടൂർ ലൈനിൽ നിന്ന് ഒഴുകി വരുന്ന ജലം മുഴുവനായി തമിഴ്നാടിന് അവകാശപ്പെട്ടതാണ് എന്ന് മാത്രമേ വ്യക്തമാക്കിയിട്ടുള്ളൂ. ഇത് ജലസേചനത്തിനും വൈദ്യുതി ഉല്പാദനത്തിനുമല്ലാതെ ഉപയുക്തമാക്കുന്നതായി അറിവിൽപ്പെട്ടിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

## വിവര സാങ്കേതിക മേഖലയിലെ വികസനം

10 (10) ശ്രീ. കെ. എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവര സാങ്കേതിക മേഖലയിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരുന്നതെന്ന് വിശദമാക്കാമോ ;

(ബി) ഈ നടപടികളുടെ തുടർച്ചയായി ഈ ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(സി) വിവരസാങ്കേതിക മേഖലയിലെ വികസനം ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാനത്തെ ഏതൊക്കെ മന്ത്രിമാർ പര്യടനങ്ങൾ നടത്തുകയുണ്ടായിയെന്നും ഓരോ പര്യടനത്തിനും എന്തു തുക ചെലവഴിച്ചുവെന്നു വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly